**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 773** **14-10-2026-ൽ മറുപടിയ്ക്ക്**

**കരിന്തളം ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** കരിന്തളം ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂൾ കെട്ടിട നിർമാണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** സ്വീകരിച്ചിട്ടുണ്ട്.

കരിന്തളം സ്പോർട്സ് ഇ.എം.ആർ.എസ് കെട്ടിട നിർമ്മാണത്തിന്റെ ആദ്യ ഘട്ട നിർമ്മാണ പ്രവർത്തിയ്ക്ക് 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണത്തിനായി ലിമിറ്റഡ് ടെൻഡർ മുഖേന KEL (Kerala Electrical And Allied Engineering Company Limited) എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തുകയും, പദ്ധതിയുടെ സിവിൽ പ്രവർത്തിയ്ക്ക് 23,79,40,000/- രൂപയുടെയും, ഇലക്ട്രിക്കൽ പ്രവർത്തിക്ക് 1,20,60,000/- രൂപയുടെയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

പദ്ധതിക്കായി 12 കോടി രൂപ NESTS ൽ നിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ 2025-26 വർഷം Article 275(1) ൽ 8 കോടി രൂപയും 2026-27 വർഷം 5 കോടി രൂപയും അനുവദിച്ചിട്ടുണ്ട്

**(ബി)** കെട്ടിട നിർമ്മാണ പുരോഗതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

**മറുപടി:** കെട്ടിട നിർമ്മാണ പുരോഗതിയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

- സ്റ്റാഫ് ക്വാട്ടേഴ്സ് - 70% പൂർത്തിയായി (സ്ട്രക്ചറിംഗും പ്ലാസ്റ്ററിംഗും)
- അക്കാദമിക് ബ്ലോക്ക് - 60% പൂർത്തിയായി (സ്ട്രക്ചറും പ്ലാസ്റ്ററിംഗും)
- ബോയ്സ് ഹോസ്റ്റൽ - 60% പൂർത്തിയായി (ഗ്രൗണ്ട് ഫ്ലോർ സ്ട്രക്ചറിംഗ് പൂർത്തിയായി)
- ഗേൾസ് ഹോസ്റ്റൽ - 45% പൂർത്തിയായി (ഫസ്റ്റ് ഫ്ലോർ സ്ട്രക്ചർ)
- മെസ് ബ്ലോക്ക് - 70% പൂർത്തിയായി (പ്ലാസ്റ്ററിങ് സഹിതമുള്ള സ്ട്രക്ചർ)

**സെക്ഷൻ ഓഫീസർ**